A.E.L 14248/15

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 08.06.2015

**സർക്കുലർ നമ്പർ 28/2015**

വിഷയം :- സഹകരണ വകുപ്പ് – സഹകരണ നിയമം വകുപ്പ് 69 (4) പ്രകാരം ധനപരമായ തർക്കങ്ങൾ ഫയൽ ചെയ്യുന്നത് – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന :-
1. സർക്കാരിന്റെ 27.02.2015 ലെ 35/2015/സഹ. നമ്പർ കത്ത്.
2. സർക്കാരിന്റെ 30.10.2013 ലെ ജി.ഒ(പി) നമ്പർ.136/2013/സഹ. ഉത്തരവ്, എസ്.ആർ.ഒ.875/2013 പ്രകാരം പ്രസിദ്ധീകരിച്ചുകൊണ്ടുള്ള 01.11.2013 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ.3138.
3. സർക്കാരിന്റെ 27.02.2015 ലെ ജി.ഒ(പി) നമ്പർ 35/2015/സഹ. ഉത്തരവ് എസ്.ആർ.ഒ 112/2015 പ്രകാരം പ്രസിദ്ധീകരിച്ചുകൊണ്ടുള്ള 06.03.2015 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 481, വാല്യം – 4

1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ, 2013 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (ആക്ട് 8/2013) പ്രകാരം വകുപ്പ് 69(4) ൽ പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച് എല്ലാ ധനപരമായ തർക്കങ്ങളും ടി നിയമത്തിലെ മൂന്നാം ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള സമയപരിധിക്കുള്ളിൽ ഫയൽ ചെയ്തിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ഭേദഗതി നിലവിൽ വന്നപ്പോൾ അതിനോടകം സമയപരിധി കഴിഞ്ഞുപോയ ധനപരമായ തർക്കങ്ങൾ ഫയൽ ചെയ്യാൻ കഴിയാതിരുന്ന സംഘങ്ങൾക്ക് അവ ഫയൽ ചെയ്യുന്നതിനായി വകുപ്പ് 69 (4) പ്രകാരമുള്ള ഭേദഗതിയിൽ ഒരുവർഷത്തേക്ക് ഇളവനുവദിച്ച് സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ടി കാലയളവ് അപര്യാപ്തമാണെന്നും കാലയളവ് ദീർഘിപ്പിക്കണമെന്നുമുള്ള സംഘങ്ങളുടെ അപേക്ഷ കണക്കിലെടുത്തുകൊണ്ട് ടി ഇളവ് 14.02.2014 മുതൽ 31.12.2015 വരെ വീണ്ടും ദീർഘിപ്പിച്ചുകൊണ്ട് സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊള്ളുന്നു.

i) കേരള സഹകരണ സംഘം നിയമം വകുപ്പ് 69(4) പ്രകാരം നിശ്ചിത കാലപരിധിയ്ക്കുള്ളിൽ ഫയൽ ചെയ്യാൻ കഴിയാതെ പോയിട്ടുള്ള നാളിതുവരെയുള്ള എല്ലാ ധനപരമായ തർക്കങ്ങളും ഇളവ് ദീർഘിപ്പിച്ചു നൽകിയിട്ടുള്ള തീയതിയായ 31.12.2015 ന് മുൻപ് തന്നെ നിർബന്ധമായും ഫയൽ ചെയ്തിരിക്കേണ്ടതാണ്. അതോടൊപ്പം തന്നെ 31.12.2015 നും അതിനുശേഷവും മൂന്ന് വർഷ കാലപരിധി തികയുന്ന എല്ലാ ധനപരമായ തർക്കങ്ങളും നിശ്ചിത സമയപരിധിക്കുള്ളിൽ ഫയൽ ചെയ്യേണ്ടതുമാണ്.

ii) സംഘങ്ങൾ ഇപ്രകാരം തർക്കങ്ങൾ ഫയൽ ചെയ്യുന്നതിന് മുൻഗണന നൽകി കൊണ്ടുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതും ഫയൽ ചെയ്യാൻ കുടിശ്ശികയായിട്ടുള്ള എല്ലാ ധനപരമായ തർക്കങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി നിശ്ചിത തീയതിക്കുള്ളിൽ തന്നെ അവ ഫയൽ ചെയ്യുന്നതിന് അടിയന്തിര നട പടികൾ സ്വീകരിക്കേണ്ടതുമാണ്. അതാത് സംഘം ഭരണ സമിതികളും ചീഫ് എക്സിക്യുട്ടീവും ഇക്കാര്യത്തിൽ സജീവ ശ്രദ്ധ പുലർത്തേണ്ടതും ഇക്കാര്യ ത്തിൽ തുടർന്ന് ഇനിയും ഇളവ് നൽകുന്നതല്ലെന്നും പ്രത്യേകം ശ്രദ്ധിക്കേണ്ട തുമാണ്.

iii) അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും , അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരും, ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് സംഘ ങ്ങൾ/ബാങ്കുകളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അതാത് യൂണിറ്റ് ഇൻസ്പെ കടർമാർ ഇത് സംബന്ധിച്ച് സംഘം തലത്തിൽ നടപടി സ്വീകരിക്കുന്നതിനാവ ശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവർത്തി അവലോകന യോഗങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. ജില്ലാ ജോയിന്റ് ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവരും മേൽ നിർദ്ദേശങ്ങൾ സംഘങ്ങളുടെ ശ്രദ്ധ യിൽപ്പെടുത്തേണ്ടതാണ്.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് :

1. എല്ലാ ജില്ലകളിലെയും ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ.
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും, (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
3. എല്ലാ ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്ക്.
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്.
5. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
6. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
7. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന)
8. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മുഖേന)
9. ഈ ആഫീസിലെ എല്ലാ ഓഫീസർ മാർക്കും
10. രജിസ്ട്രാറുടെ മേശപ്പുറത്ത്
11. എഡിറ്റർ, സഹകരണ വീഥി, സഹകരണ ജേർണൽ(പ്രസിദ്ധീകരണത്തിന്)
12. വെബ്സൈറ്റ്
13. സ്റ്റോക്ക് ഫയൽ
14. സ്പെയർ.